## വഴികാട്ടിയാകുന്ന നക്ഷത്രകാന്തികൾ

ബലിയല്ല കരുണയാണ് വേണ്ടതെന്ന് പഠിപ്പിച്ച യേശു നാഥന്റെ ദിശാസൂചിയിൽ നിന്നും കേരളസഭാ സമൂഹം തെന്നിപ്പോയതെങ്ങനെയാണ്? കാരുണ്യത്തിന്റെ കൊച്ചു കൊച്ചു പച്ചത്തുരുത്തുകൾ ഓരോ ഇടവക സമൂഹങ്ങളും സന്യാസസഭകളും സൃഷ്ടിക്കുന്നുണ്ടെങ്കിലും അവ യെയെല്ലാം നിഷ്പ്രഭമാക്കും വിധം ധനപ്രമത്തതയുടെ ഫണം വിടർത്തും വിധം പെരുന്നാൾ ആഘോഷങ്ങളും ദേവാലയനിർമ്മാണങ്ങളും സ്ഥാപനവൽക്കരണവും ഇരുൾ ചുരത്തുന്നു.

തിരുനാൾ ആഘോഷങ്ങളുടെ പെരുകുന്ന ചെലവു കൾക്കൊരു മൂക്കുകയറിടുമ്പോൾ അതുവഴി സ്വരൂപിക്കാ വുന്ന പണം സ്വന്തം സമ്പാദ്യങ്ങളാക്കി നീക്കിവെക്കുകയെ ന്നല്ലാ കോതമംഗലം രൂപത ലക്ഷ്യമിടുന്നത്. എവിടെ നിന്റെ സഹോദരനെന്ന ദൈവത്തിന്റെ ചോദ്യത്തിന് പ്രത്യുത്തരം പണിയുകയെന്ന കടമ മിതവ്യയത്തിന്റെ ഫലപ്രാപ്തിയായി ഏൽപിക്കുകയാണ്.

വെടിക്കെട്ടും ഗാനമേളയും മറ്റും ഉപേക്ഷിക്കുന്നതു വഴി മാറ്റിവെയ്ക്കാൻ കഴിയുന്ന പണം നിർധനരോഗികളുടെ ചികിത്സാചെലവിനും മരുന്നിനും ഉതകുന്നു. ഭവനരഹി തർക്ക് ഭവനം പണിതു നൽകുന്നു.

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കോതമംഗലം രൂപതയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'ആശാകിരൺ' പദ്ധതി പാവപ്പെട്ടവരോടുള്ള രൂപതയുടെ കരുതലിന്റെ സങ്കീർത്തനമാണ്. എല്ലാ വീടുകളിലും ഓരോ 'ഉപവി ചെപ്പ്' വെച്ചിട്ടുണ്ട്. അതിൽ വീഴുന്ന ചെറിയ തുകകൾ സമാഹരി ച്ചത് കഴിഞ്ഞ വർഷം ഒരു കോടി രൂപയായിരുന്നു ലഭിച്ചത്. രൂപതാതിർത്തിയിലെ അർബുദ രോഗികൾക്ക് ജാതിമത ഭേദമെന്യേ അത് പങ്കു വെച്ചു നൽകി.

അല്പസ്വല്പം സാമ്പത്തികശേഷിയുള്ള ഇടവകയാ ണെങ്കിൽ വർഷത്തിലൊരിക്കൽ ഒരു ഭവനരഹിതന് ഭവനം പണിതു കൊടുക്കുക. അതിനും താഴെ ധനസ്ഥിതിയുള്ള ഇടവകയാണെങ്കിൽ ഒരു വീടിന്റെ അറ്റകുറ്റപ്പണി ചെയ്തു കൊടുക്കുക.

ആഘോഷങ്ങൾക്ക് സാമൂഹ്യമാനം ഉണ്ടെന്നത് ശരി തന്നെ. മനുഷ്യർക്കിടയിൽ സൗഹൃദം വളരാനും ബലപ്പെ ടാനും ദു:ഖദുരിതങ്ങളിലുഴലുന്നവർക്ക് വല്ലപ്പോഴും എല്ലാം മറന്നൊന്ന് സന്തോഷിക്കാനും ആഘോഷങ്ങൾ വേണം. എന്നാലവ കുടുംബങ്ങളെയും സമൂഹത്തെയും ധൂർത്തിന്റെ കോമ്പല്ലുകളിൽ കോർക്കപ്പെട്ട് പതനത്തിലേ ക്കുള്ള വഴികളാക്കരുത്. അല്ലെങ്കിൽ തന്നെ അന്ത്യവിധി നാളിൽ വെടിക്കെട്ടിന്റെയും വൈദ്യുതദീപാലങ്കാരത്തി ന്റെയും ശബ്ദഘോഷമായ നോട്ടീസുകളുടെയും കണക്കെടു പ്പാകില്ലല്ലോ ഉണ്ടാകുക? നഗ്നനായിരുന്നവനെ ഉടുപ്പിച്ചതി ന്റെയും പട്ടിണിക്കാരനെ ഊട്ടിയതിന്റെയും തല ചായ്ക്കാ നിടമില്ലാത്തവനൊരു കൂര നിർമ്മിച്ചു നൽകിയതിന്റെയും കണക്കെടുക്കുന്ന തമ്പുരാനിലേക്കുള്ള യാത്രയിൽ ധ്രുവ നക്ഷത്രമാകുകയാണ് കോതമംഗലം രൂപതയിൽ നിന്നു മുള്ള സദ്വാർത്തകൾ.

# കാണാൻ, കേൾക്കാൻ, പകർത്താൻ
# കോതമംഗലം പാഠങ്ങൾ

### ഡേവിസ് കണ്ണനായ്ക്കൽ



**മാർ ജോർജ് മഠത്തികണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

ലാളിത്യം വർത്തമാനകാലത്ത് പ്രസംഗ വേദികളിൽ നിന്നും നിർലോഭം വാരിവിതറാനുള്ള വാക്കു മാത്രമാണ്. വിപ ണിയുടെ പ്രലോഭനങ്ങളാണ് മികവിന്റെ മാനദണ്ഡമായി അംഗീ കരിക്കപ്പെടുന്നത്. രാഷ്ട്രീയമായാലും മതമായാലും കുടുംബമാ യാലും വ്യക്തിയായാലും മാർഗ്ഗദീപമാക്കുന്നത് കഴിഞ്ഞ കാല ത്തേക്കാൾ എത്ര ആഘോഷപ്പൊലിമയോടെയാണ് കാര്യങ്ങൾ നടക്കുന്നതെന്നും നടത്തുന്നതെന്നുമാണ്. അതു തന്നെയാണ് തിരുനാൾ ആഘോഷങ്ങളുടെയും വിജയത്തിന്റെ സൂത്രവാക്യ മായടയാളപ്പെടുത്തുന്നത്.

അതുകൊണ്ടു തന്നെ കോതമംഗലം രൂപത തിരുനാൾ ആഘോഷങ്ങളുടെ നടത്തിപ്പു സംബന്ധിച്ച് ചില ക്രമീകരണങ്ങളും ചുരുക്കലുകളും വെട്ടിമാറ്റലുമൊക്കെ വരുത്തിയിരിക്കുന്നതെന്ന വാർത്ത 'മാതൃഭൂമി' ദിനപത്രത്തിൽ വായിച്ചവർ സന്ദേഹികളായി. ഇതു വല്ലതും നടക്കുമോയെന്ന സന്ദേഹമാണ് ആലോചനയിൽ അലയുയർത്തിയത്. മറ്റ് പ്രമുഖ ദിനപത്രങ്ങളിലൊന്നും ഇതു സംബന്ധിച്ച വാർത്ത കാണാതിരുന്നതു കൊണ്ട് സംശയം ബലപ്പെട്ടവരുമുണ്ട്. ഇതിലും വലിയ എത്രയോ തീരുമാനങ്ങൾ രൂപതകളുടെയും അതിരൂപതകളുടേതുമായി കണ്ടിരിക്കുന്നുവെന്നും അതിലെത്രയൊക്കെ പ്രാബല്യത്തിലാക്കാൻ കഴിഞ്ഞിരിക്കുന്നുവെന്നുമുള്ള അറിവുള്ളവരിലാകട്ടെ പുച്ഛം കലർത്താനൊരു പ്രതികരണമാകാം വിടർന്നിട്ടുണ്ടാവുക. എന്നാൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തികണ്ടത്തിലുമായി വിഷയം സംസാരിക്കാനിരുന്നാൽ ബോധ്യമാകും ഇതൊന്നും വെറും പബ്ലിസിറ്റി സ്റ്റണ്ടുകളല്ലെന്ന്. ആഴത്തിലുള്ള ബോധ്യങ്ങളിൽ വേരൂന്നിയ ദർശനത്തിന്റെ വൃക്ഷത്തിൽ വിടർന്ന പൂക്കളും ഫലങ്ങളും ചാരുതയാകുകയാണ് കോതമംഗലം രൂപതയിലെ തിരുനാൾ ആഘോഷപരിപാടികളിലിപ്പോൾ.

*** *** ***

കോതമംഗലം മെത്രാസനമന്ദിരത്തിൽ മെത്രാന്റെ വിശാലമായ സ്വീകരണമുറിയെന്ന വിശേഷണത്തേക്കാൾ യോജിക്കുക വിസ്തൃതമായ ക്ലാസ് മുറിയെന്ന വിലയിരുത്തലിനാകും. ലാളിത്യത്തിന്റെ പദവിന്യാസങ്ങൾ മാർ മഠത്തികണ്ടത്തിലിന്റെ വാക്കുകളിലും ശരീരഭാഷയിലും പെരുമാറ്റത്തിലും മാത്രമല്ല. രൂപത സംവിധാനങ്ങളുടെ ഓരോ അണുവിലും തുടിച്ചും തുളുമ്പിയും നിൽക്കുന്നുവെന്നത് ഹൃദ്യമായൊരനുഭവം. കരുണാവർഷം ആഗോളസഭ ആചരിക്കുമ്പോഴും ആഘോഷങ്ങളുടെ കാര്യത്തിൽ അതിരുകളില്ലാത്തതിന്റെ കാഴ്ചകളും അനുഭവങ്ങളും സുലഭമായ പശ്ചാത്തലത്തിൽ കോതമംഗലം രൂപതയെന്തുകൊണ്ട് വേറിട്ടൊരു നിലപാടിന്റെ പ്രഘോഷകരും പ്രയോക്താക്കളുമാകുന്നുവെന്നും അതെങ്ങിനെ ആശയതലത്തിൽ നിന്നും പ്രവൃത്തിപഥത്തിലെത്തുന്നുവെന്നുമുള്ള അന്വേഷണവുമായി രൂപതാദ്ധ്യക്ഷനെ തന്നെ നേരിൽ കണ്ട് സംസാരിക്കൻ തുനിഞ്ഞു ചെന്നപ്പോൾ ഒരനുഭവത്തിന്റെ ആമുഖസ്പർശം കൈനീട്ടം കിട്ടിയത് യാദൃശ്ചികം.






കോതമംഗലം രൂപതയുടെ ഏറ്റവും വലിയ തീർത്ഥകേന്ദ്രമാണ് മുതലക്കോടം പള്ളി. വർഷം തോറും മുതലക്കോടം പള്ളിയിൽ തിരുനാളാഘോഷത്തിനെത്തുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നുവെന്ന് കേരളത്തിനകത്തും പുറത്തുമുള്ള ക്രൈസ്തവവിശ്വാസികൾക്കെല്ലാ മറിയാവുന്ന വസ്തുത.

മാർ മഠത്തികണ്ടത്തിൽ പിതാവിന്റെ മേശപ്പുറത്ത് മടക്കിവെച്ചൊരു നോട്ടീസ്. കോതമംഗലം രൂപത തിരുനാൾ ആഘോഷങ്ങളുടെ നടത്തിപ്പിൽ വരുത്തിയ ചുരുക്കലുകളെക്കുറിച്ച് ആദ്യചോദ്യത്തിന് ഉത്തരം തരും മുമ്പുതന്നെ എടുത്തുനീട്ടിയത് മുതലക്കോടം പള്ളി തിരുനാളാഘോഷത്തിന്റെ നോട്ടീസ്. ഒറ്റ നോട്ടത്തിൽ ഒരു കുരിശു പള്ളി തിരുനാൾ നോട്ടീസാണെന്ന് കരുതിപ്പോകും. അതിസാധാരണമായ കടലാസ്. രണ്ട് വർണ്ണത്തിലുള്ള അച്ചടി. മെത്രാൻ മുതൽ ദേവാലയശുശ്രൂഷിയുടെ വരെ പടം / സ്ഥാനം കാണുന്ന പതിവ് തിരുനാൾ നോട്ടീസിൽ നിന്നും തീർത്തും വ്യത്യസ്തം. കോതമംഗലം രൂപത ഒരു കാര്യം തീരുമാനിച്ചാലത് നടപ്പാകുമെന്നതിന്റെ ഉത്തമ ഉദാഹരണം. അവിടെ നിന്നും സംഭാഷണം തുടങ്ങുമ്പോൾ തീരുമാനങ്ങൾക്കു പുറകിലെ ആശയദൃഢതയുടെ ചൂട് ശ്രോതാക്കളിലേക്ക് പ്രസരിക്കുന്നു.

ഒരു വെളിപാടു പോലെ കോതമംഗലം രൂപത വെച്ച ചുവടല്ല തിരുനാൾ ആഘോഷങ്ങളിലെ ലാളിത്യമെന്ന നിലപാട്. അതിലേക്കെത്തിച്ചേർന്ന വഴികൾ കരുതലോടെ വെട്ടിയൊരുക്കിയതായിരുന്നുവെന്ന് മാർ മഠത്തികണ്ടത്തിൽ പറയുന്നു.

നിർണായകമായ തീരുമാനമെടുത്ത വേദി മൂവ്വാറ്റുപുഴ നെസ്റ്റിൽ 2015 ജൂലൈ 19 മുതൽ 23 വരെ നടന്ന എപ്പാർക്കിയൽ അസംബ്ലിയാണെങ്കിലും അതിലേക്കും വിപുലവും സുദീർഘവുമായ ഒരുക്കങ്ങൾ നടന്നു.

സഭയുടെ ഏത് പദ്ധതിക്കും ആണിക്കല്ലാകേണ്ടത് പ്രാർത്ഥനാപൂർവ്വമായ ഒരുക്കമാണ് എപ്പാർക്കിയൽ അസംബ്ലിയുടെ വിജയത്തിനുള്ള പ്രാർത്ഥന അച്ചടിച്ച് രൂപതയിലെ എല്ലാ വീടുകൾക്കും നൽകിക്കൊണ്ടായിരുന്നു തുടക്കം. അസംബ്ലി ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഏതൊക്കെയെന്ന് ആദ്യഘട്ടത്തിൽ തന്നെ വൈദികരേയും സന്യസ്തരേയും അൽമായരേയും വ്യത്യസ്ത വിഭാഗങ്ങളാക്കി വിളിച്ചുകൂട്ടി ആലോചന ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചോദ്യാവലി തയ്യാറാക്കി. ആത്മപരിശോധനയുടെയും തെറ്റു തിരുത്തലിന്റെയും തുറന്ന സമീപനമാണ് സഭയുടെ വളർച്ചയ്ക്കുള്ള പാഥേയമെന്ന കാഴ്ചപ്പാടിൽ ശാസ്ത്രീയമായൊരു സർവ്വേയിലേക്കായിരുന്നു അടുത്ത കാൽവെപ്പ്.

സഭ ഇന്നത്തെ കാലത്തും ലോകത്തിലും എന്തൊക്കെ ചെയ്യണമെന്ന തീക്ഷ്ണമായ അന്വേഷണം നൂറ് ചോദ്യങ്ങളിലായി സംഗ്രഹിച്ച് ഓരോ ഇടവകയിൽ നിന്നും വ്യത്യസ്ത തലങ്ങളിലുള്ളവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കിട്ടും വിധം സംവിധാനമുണ്ടാക്കി. ഇടവകയിലെ കുടുംബഡയറികളിൽ ഏത് നമ്പർ മുതൽ ഏത് നമ്പർ വരെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരിൽ നിന്നും വിവരശേഖരണം വേണമെന്ന് രൂപത നിർദ്ദേശം കൊടുത്തു. ആരുടെ നിക്ഷിപ്ത താൽപര്യങ്ങളും വിവരശേഖരണത്തിൽ പ്രതിഫലിക്കാതിരിക്കാനുള്ള ജാഗ്രത. എണ്ണയിട്ട യന്ത്രം പോലെ സർവ്വേ വിജയകരമാക്കി. കിട്ടിയ ഉത്തരങ്ങൾ സംഗ്രഹിച്ചും ഏകോപിപ്പിച്ചും കാഴ്ചപ്പാടുകളുടെയും നിർദ്ദേശങ്ങളുടെയും കാതൽ കടഞ്ഞെടുത്തു. ഫാ. പോൾ പറത്താഴത്തിന്റെ വൈദഗ്ദ്ധ്യം സർവ്വേയുടെ വിജയത്തിന്റെ അച്ചാണിയായി. നാലായിരത്തിലധികം ഉത്തരസ്രോതസ്സുകളിൽ നിന്നും സ്വരൂപിച്ചെടുത്ത കാഴ്ചപ്പാടുകളുടെ സമഗ്രതയെ ഒന്നുകൂടി തിടംവെച്ചെടുപ്പിക്കാൻ വീണ്ടും ഗ്രൂപ്പടിസ്ഥാനത്തിൽ ചർച്ചയ്ക്കു നൽകി. വൈദികരെ സംബന്ധിക്കുന്നതും സന്യസ്തരെ സംബന്ധിക്കുന്നതും അത്മായരെ സംബന്ധിക്കുന്നതും അവതരിപ്പിച്ച് നാല് ഊന്നൽവിഷയങ്ങളിലേക്ക് എത്തി.

ആത്മീയതയും ജീവിതവും, കുടുംബങ്ങളുടെ ശാക്തീകരണം, വിശ്വാസപരിശീലനം, സാമൂഹ്യ നവീകരണം എന്നീ കാതലായ അന്വേഷണമേഖലകളിൽ സാമൂഹ്യനവീകരണത്തിന്റെ മാപിനി തിരുനാൾ ആഘോഷങ്ങളിലെ അനഭിലഷണീയ പ്രവണതകളിലേക്ക് വെളിച്ചം പായിച്ചു. 142 പേർ പങ്കെടുത്ത അസംബ്ലിയിൽ സ്ഫുടം ചെയ്തെടുത്ത കാഴ്ചപ്പാടുകൾ തീരുമാനങ്ങളുടെ രൂപത്തിൽ വിഷൻ 20:20 എന്ന് ക്രോഡീകരിക്കപ്പെട്ടപ്പോൾ സഭാജീവിതത്തിന്റെ വിമലീകരണ പ്രക്രിയയിൽ കേരളസഭയ്ക്കു തന്നെ കോതമംഗലം രൂപതയുടെ വരദാനവും വഴികാട്ടും നക്ഷത്രവുമായത് മാറി.

*** *** ***

ആദർശം ഇരുമ്പുലക്കയല്ലെന്ന് കരുതുന്നവരും സമർത്ഥമായത് ജീവിതം കൊണ്ട് തെളിയിക്കുന്നവരും നിരവധിയുള്ള കാലത്ത് എന്ത് തീരുമാനമെടുത്താലും എന്ത് ഫലമെന്ന് നിരാശപ്പെടുന്നവരുണ്ടാകാം. എന്നാൽ, ഒഴുക്കിനൊത്ത് മാത്രം നീന്താത്ത വ്യക്തിമഹത്വങ്ങൾ ധാരാളം നമുക്കിടയിലുണ്ടെന്ന് ബോധ്യപ്പെടാൻ മാർ മഠത്തികണ്ടത്തിലിന്റെ അനുഭവസാക്ഷ്യം തന്നെ ധാരാളം.

എപ്പാർക്കിയൽ അസംബ്ലി തീരുമാനങ്ങൾ ഉയർത്തിപ്പിടിക്കുന്ന ദർശനം തിരുനാൾ ആഘോഷപരിപാടികളുടെ ആവിഷ്കാരരൂപങ്ങളെന്തായാലും അതിന്റെ ഉരക്കല്ല് സുവിശേഷ മൂല്യങ്ങൾ പകർന്നു നൽകാൻ കഴിയുന്നുണ്ടോയെന്നതാകണമെന്നതാണ്. അത്തരമൊരുരകല്ല് വെച്ച് പരിശോധിക്കുമ്പോഴാണറിയുക വലിയ പ്രചരണം കൊടുത്ത് തീർത്ഥാടന കേന്ദ്രങ്ങളിലേക്കും തിരുനാളാഘോഷങ്ങളിലേക്കും ആൾക്കൂട്ടത്തെ ആകർഷിക്കുന്നതിലെ അന്തസാരശൂന്യത. തുണിക്കടയ്ക്കും സ്വർണ്ണക്കടയ്ക്കുമൊക്കെ പരസ്യം നൽകി ആവശ്യക്കാരെ പ്രലോഭിപ്പിച്ച് ആകർഷിക്കുന്നതു പോലെ അനുഗ്രഹവർഷം വാഗ്ദാനം ചെയ്ത് ആകർഷിക്കപ്പെടുന്നവരുടെ ഭക്തി എന്തുതരം ഭക്തിയാകും? ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനു മാത്രമായി വിശുദ്ധരെ വണങ്ങാനെത്തുന്നവരുടെ മനോഭാവം ഏതു സുവിശേഷ മൂല്യത്തിനാണ് നിരക്കുക? അതുകൊണ്ടാണല്ലോ തിരുനാൾ ആഘോഷങ്ങളുടെ പതിവുപരിപാടികളിൽ നിന്നും ബഹുവർണനോട്ടീസുകൾ, പോസ്റ്ററുകൾ, ഫ്ളക്സ് ബോർഡുകൾ, സപ്ലിമെന്റുകൾ എന്നിവയൊക്കെ കോതമംഗലം രൂപതയിലെ ദൈവജനം വെട്ടിമാറ്റിയത്.

എന്നാൽ അത്തരം തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാൻ ക്ഷിപ്രസാധ്യമല്ലെന്നതിന്റെ ചൂടാറാത്ത അനുഭവം മാർ മഠത്തികണ്ടത്തിൽ പങ്കുവെച്ചു. മുതലക്കോടം തിരുനാളിന് വർഷങ്ങളായി പത്രങ്ങളിൽ സപ്ലിമെന്റിറക്കാറുണ്ട്. അതിൽ തന്നെ സഭയ്ക്ക് താൽപര്യമുള്ളത് സഭയുടെ താൽപര്യസംരക്ഷണത്തിനിറങ്ങുന്നതുമായ പത്രങ്ങളുണ്ട്. അവർ പതിവു പോലെ സപ്ലിമെന്റ് പ്രതീക്ഷിച്ചെത്തിയപ്പോഴാണ് രൂപതാ തീരുമാനമതിനനുവദിക്കുന്നില്ലെന്നറിയുന്നത്. പിന്നെ സമ്മർദ്ദങ്ങളായി. വിട്ടുവീഴ്ചയ്ക്കുള്ള മുട്ടലുകളും ഉപദേശങ്ങളുമായി. എഴുതിയത് എഴുതിയതുതന്നെയെന്ന പീലാത്തോസിന്റെ നിലപാട് പോലും പതറിപ്പോകുന്ന അവസ്ഥ. അങ്ങിനെയൊരവസ്ഥയെ ഒരു വിധം മറികടന്നിട്ട് മണിക്കൂറുകളായില്ലെന്ന് മാർ മഠത്തികണ്ടത്തിൽ പറയുമ്പോൾ മുൻവർഷങ്ങളിൽ മുതലക്കോടം തിരുനാളിനിറക്കിയ ബഹുവർണ സപ്ലിമെന്റ് പത്രത്തിന്റെ ബിസിനസ് എക്സിക്യൂട്ടീവ് കാണിക്കാൻ കൊണ്ടുവന്നത് മേശപ്പുറത്തിരിപ്പുണ്ടായിരുന്നു. ഭൗതികതലത്തിലുള്ള ആഘോഷങ്ങളായി തിരുനാളുകളെ തരം താഴ്ത്തുന്ന പ്രവണതകളെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കരുതെന്ന് അജഗണങ്ങൾക്ക് ഉപദേശം രൂപതയുടെ ബുള്ളറ്റിനായ “ദൈവരാജ്യ”ത്തിൽ സർക്കുലർ വഴി നൽകിയൊരു ഇടയന് മറിച്ചൊരു നിലപാടെടുക്കാനാകില്ലെന്നത് ആശയങ്ങളോടും ആദർശങ്ങളോടുമുള്ള പ്രതിബദ്ധതയുടെ സൂര്യതേജസ്സ്. നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്ക് സഹിക്കാനാവില്ല... നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു (ഏശ. 1:13-14) എന്ന വചനാവസ്ഥയിലേക്ക്

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്നും അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു....

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുമ്പ് അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കുമെന്ന് ഉറപ്പ് നൽകുക. താമസിച്ചതിനു ക്ഷമാപണം.

**– ഫാൻസി റാഫേൽ, അയ്യന്തോൾ**

സഭയെ എത്തിക്കാതിരിക്കാനുള്ള കരുതലിന്റെ കോട്ടയായി മാറുന്ന ഉശിരൻ നിലപാട്.

വെടിക്കെട്ട് പൂർണ്ണമായും ഒഴിവാക്കണമെന്ന് ഒരു രൂപതാദ്ധ്യക്ഷൻ നിർദ്ദേശിക്കണമെങ്കിൽ കാരിരുമ്പിന്റെ കടുപ്പമുള്ള നിശ്ചയദാർഢ്യം വേണം. കോതമംഗലം രൂപത വൈദികസമിതിയും അജപാലനസമിതിയും ചർച്ച ചെയ്ത് കൈക്കൊണ്ട ഒരു തീരുമാനമാണിതെന്നതും 2016 ജനുവരിയിലെ രൂപത ബുള്ളറ്റിനിലൂടെയാണ് നിർദ്ദേശം വന്നതെന്നതും കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ക്ഷേത്രത്തിൽ ഏപ്രിൽ ആദ്യവാരമുണ്ടായ വെടിക്കെട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചേർത്തുവെക്കുമ്പോൾ വിസ്മയം തോന്നാം. രൂപതയിലും മറ്റ് പല പ്രദേശങ്ങളിലുമുണ്ടായ വെടിക്കെട്ടപകടങ്ങൾ ചൂണ്ടിക്കാട്ടി നിർദ്ദേശത്തിന് സാധൂകരണം നൽകുന്നതിനോടൊപ്പം അനാവശ്യ ധൂർത്ത്, പരിസ്ഥിതി മലിനീകരണം എന്നിവയെ കൂടി ബന്ധപ്പെടുത്തുമ്പോൾ കാലത്തിന്റെ ചുമരെഴുത്തുകൾ വായിച്ച് നിലപാടുകളിലെത്തുന്ന പ്രവാചക ദൗത്യത്തിന്റെ തിളക്കം ഹൃദ്യം. വെടിനേർച്ച പാടില്ലെന്നും ദിവ്യബലിയർപ്പണ വേളയിൽ ഒരു കാരണവശാലും വെടിപടക്കങ്ങൾ പാടില്ലെന്നുമുള്ള കർക്കശനിർദ്ദേശം സാംസ്കാരികാനുരൂപണത്തിന്റെ ജാമ്യത്തിൽ തിരുനാളുകളെ മത്സരകാഴ്ചവേദികളാക്കുന്നവരുടെ കണ്ണു തുറപ്പിക്കുന്ന വെളിച്ചമാകുന്നു.

അച്ചടിയിലെ ആർഭാടമാണ് തിരുനാൾ നോട്ടീസുകളെ തിരുത്തലിനു വിഷയമാക്കുന്നത്. ലാമിനേറ്റ് ചെയ്യുന്ന നോട്ടീസിന്റെ പരിസ്ഥിതി വിരുദ്ധത, ദുർവ്യയം എന്നിവയും ചൂണ്ടിക്കാണിക്കുന്നു. പരസ്യങ്ങൾ വെച്ചുള്ള നോട്ടീസുകൾ, ബുക്ക്‌ലെറ്റ് രൂപത്തിലുള്ള നോട്ടീസുകൾ എന്നിവയൊന്നും പാടില്ലെന്നു പറയുമ്പോൾ ചുളിയുന്ന നെറ്റികൾ ഉണ്ടായേക്കാം.

സപ്ലിമെന്റുകൾ ജൂബിലിയാഘോഷവേളയിലാകാമെന്നും എന്നാലവയിലെ പരസ്യങ്ങൾ സഭ്യവും കത്തോലിക്കാ വിശ്വാസങ്ങളോട് പൊരുത്തപ്പെടുന്നവയുമാകണമെന്ന നിർദ്ദേശത്തിന്റെ കുന്തമുന എങ്ങനെയെങ്കിലും പണമുണ്ടാക്കി പെരുന്നാൾ പൊലിപ്പിക്കാനൊരു മാർഗ്ഗമാക്കരുത് സപ്ലിമെന്റുകൾ എന്ന ശാസനം തന്നെ.

ഫ്ളക്സുകളുടെ കാലമാണിപ്പോൾ. അവയുടെ പരിസ്ഥിതി വിരുദ്ധത എത്ര കണ്ട് ബോധവൽക്കരിച്ചാലും ഏശാത്ത നിലയിലാണ്. ഒരു തെരഞ്ഞെടുപ്പ് കഴിയുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ഫ്ളക്സുകൾ മണ്ണും വെള്ളവും പ്രകൃതിയുമൊക്കെ എത്രമേൽ മലീമസമാക്കുമെന്നോർക്കാൻ ആർക്കുണ്ട് സമയം? എന്നാൽ കോതമംഗലം രൂപത ഫ്ളക്സ് പ്രവണതയുടെ മുന്നിൽ ചുമന്ന വെളിച്ചം കാണിക്കുന്നു.

തിരുനാളിന് കാരണഭൂതനായ വിശുദ്ധന്റെയോ വിശുദ്ധയുടെയോ പ്രശസ്തിയേക്കാൾ തിരുനാൾ പ്രസുദേന്തിയോ നടത്തിപ്പ് കമ്മിറ്റി ഭാരവാഹികളോ സ്തുതിയും പുകഴ്ചയും നേടിയെടുക്കുന്നതിന്റെ ആശാസ്യമല്ലാത്ത അനുഭവങ്ങൾ സുലഭം. മുൻവർഷത്തെ പ്രസുദേന്തിയേക്കാളും കൺവീനറേക്കാളും ഒരു ചുവട് മുന്നിൽ നിൽക്കാൻ ആർഭാടവും ധൂർത്തു പെരുപ്പിക്കലും സാധാരണം. അതിനൊരു തടയാണ് പ്രസുദേന്തി തിരുനാൾ ചെലവു തുക പള്ളിയെ ഏൽപിച്ചാൽ മതിയെന്ന നിർദ്ദേശം.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

**പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്നും അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു....**

**ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ച് ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുമ്പ് അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കുമെന്ന് ഉറപ്പ് നൽകുക. താമസിച്ചതിനു ക്ഷമാപണം.**

**– ഒരു വിശ്വാസി**

എത്ര വാട്ട്സിന്റെ ഉച്ചഭാഷിണി പ്രയോഗം വേണമെന്നതിന്റെ മാനദണ്ഡം ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ശബ്ദം മുഴങ്ങണമെന്ന ഭ്രാന്തമായ ചിന്തയാകുന്നതാണ് അനുഭവം. എന്നാൽ അതെല്ലാം സൃഷ്ടിക്കുന്ന ശബ്ദമലിനീകരണം മനുഷ്യജീവനെതിരായ പ്രയോഗങ്ങളാണെന്ന വിവേകത്തിന്റെ പ്രവാചകസ്വരം മൈക്രോഫോണിന്റെയും വാദ്യോപകരണങ്ങളുടെയും ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങളിലുണ്ട്.

ആഘോഷങ്ങൾ ചുരുക്കാൻ പറയുമ്പോൾ സൃഷ്ടിക്കപ്പെടുന്ന പഴുതുകളിലൂടെ ചെലവിന്റെ പുതുനാമ്പുകൾ തല നീട്ടും. തിരുനാളിനെത്തുന്നവർക്ക് ഭക്ഷണം നൽകുന്ന പതിവ് തുടങ്ങിയതും പ്രബലപ്പെട്ടതുമങ്ങിനെയാണ്. എന്നാൽ അത് വളർന്നു വളർന്ന് എത്ര പോത്തിനെ വെട്ടി ഇറച്ചിക്കറി തയ്യാറാക്കി നൽകിയെന്ന വീമ്പുപറച്ചിലിലേക്ക് നേർച്ച സദ്യയെത്തുന്ന സ്ഥിതിയിലായി. അതും ഏതു തിരുനാളിനും നേർച്ചസദ്യയെന്ന ഉത്സാഹവുമായി. പ്രധാന തിരുനാളിന് മാത്രം മതി സദ്യയെന്ന നിയന്ത്രണം ചെലവുകൾക്ക് അതിരിടുകയെന്ന പ്രസക്തമായ കാഴ്ചപ്പാടിൽ നിന്നുള്ളതാകുന്നു. ഭക്ഷണവിഭവങ്ങളിൽ ലാളിത്യവും നിഷ്ക്കർഷിക്കപ്പെടുന്നു. സസ്യാഹാരത്തിലേക്ക് എന്ന ലക്ഷ്യത്തിൽ നേർച്ച സദ്യകളെയെത്തിക്കുക കോതമംഗലം രൂപതയ്ക്ക് അസാധ്യമാകില്ലെന്ന് തീർച്ച.

തിരുനാൾ ആഘോഷത്തിന് കലാപരിപാടിയില്ലാത്ത അവസ്ഥ അചിന്തനീയമായി മാറിയതൊരുപക്ഷേ വഴക്കദോഷമെന്ന വിശേഷണം അർഹിക്കുന്ന നിലയിലായിട്ടുണ്ട്. സഭ്യത തൊട്ടുതീണ്ടാത്ത ഗാനമേളകൾക്ക് പള്ളിപ്പറമ്പുകളിൽ വൻതുക ചെലവിട്ട് വേദി കൊടുക്കുമ്പോൾ പരാജയപ്പെടുന്നത് സുവിശേഷ മൂല്യങ്ങളും പതഞ്ഞുപൊങ്ങുന്നത് സാംസ്കാരികവും സദാചാരപരവുമായ ജീർണ്ണതകളുമാണ്. കോതമംഗലം രൂപതയിൽ തിരുനാളിനോടനുബന്ധിച്ച് നാടകമോ, ഗാനമേളയോ വേണ്ടെന്ന് നിർദ്ദേശിക്കപ്പെട്ടത് അക്ഷരാർത്ഥത്തിൽ വിപ്ലവം തന്നെയാണ്. ലക്ഷ്യബോധത്തിൽ വിരിഞ്ഞ വിപ്ലവം. നിരന്തരമായ പ്രബോധനങ്ങളും ബോധവൽക്കരണവും അതിനനുകൂലമായൊരന്തരീക്ഷം സൃഷ്ടിച്ചെടുത്തുവെന്നത് നടക്കുന്ന വഴിക്കു തെളിക്കുകയെന്നല്ലാ നടക്കേണ്ട വഴിക്ക് തെളിക്കുകയാണ് അജപാലനധർമ്മമെന്ന് ലോകത്തെ തന്നെ പഠിപ്പിക്കുന്നു.